സംഘടന

പി.കെ കുട്ടി, കൊടിഞ്ഞി

# സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ

**1924-ൽ** ആലുവയിൽ ചേർന്ന ഐക്യസംഘം സമ്മേളനത്തിൽ രൂപീകൃതമായ കേരള ജംഇയ്യത്തുൽ ഉലമാ, യഥാർഥത്തിൽ അക്കാലത്ത് മുസ്‌ലിം ലോകത്ത് ആഗോളതലത്തിൽ തന്നെ രൂപപ്പെട്ടിരുന്ന പ്രതിഭാസത്തിന്റെ ഭാഗമായിരുന്നുവെന്ന് കാണാം. ലോകത്തിന്റെ നാനാഭാഗത്തുള്ള മുസ്‌ലിംകൾക്കിടയിൽ രൂപം കൊണ്ട സംഘടനാബോധം ഇന്ത്യൻ മുസ്‌ലിംകളെയും സ്വാധീനിച്ചതിന്റെ ഫലമായിരുന്നുവല്ലോ അഖിലേന്ത്യാതലത്തിൽ രൂപം കൊണ്ട വിവിധ പണ്ഡിതസംഘടനകൾ. ഇതിന്റെ ചുവടുപിടിച്ച് ദക്ഷിണേന്ത്യയിലും ചില ശ്രമങ്ങൾ നടന്നതിന്റെ ഫലമായിരുന്നു മജ്‌ലിസുൽ ഉലമാ എന്ന സംഘടന. 'സുന്നത്ത് ജമാഅത്ത് - അതായത് ഹനഫീ, ശാഫിഈ, മാലികീ, ഹമ്പലീ മദ്ഹബുകൾ- പ്രകാരം ഇസ്‌ലാം മതത്തിന്റെ യഥാർഥ തത്വങ്ങളെ ജനങ്ങളുടെയിടയിൽ പരത്തി അവയെ അനുഷ്ഠാനത്തിൽ വരുത്തുക, ഇസ്‌ലാം മതഗുണം ജനങ്ങളിൽ പതിപ്പിക്കുക, ഇസ്‌ലാമിനെ അഭിവൃദ്ധിപ്പെടുത്തുക' (മജ്‌ലിസുൽ ഉലമാ വക നിയമങ്ങൾ, 1921) എന്ന ലക്ഷ്യത്തോടെയാണ് മേൽ സംഘടന രൂപംകൊണ്ടത്. നാലണയിൽ കുറയാതെ മാസവരി കൊടുക്കുന്ന സുന്നത്ത് ജമാഅത്തിൽപെട്ട എല്ലാ മുസ്‌ലിംകളെയും മജ്‌ലിസിൽ അംഗമായി ചേർത്തിരുന്നു. പ്രസ്തുത സംഘടനയുടെ ഒരു വിശേഷാൽ സമ്മേളനം 1921 ഏപ്രിൽ 2, 3 തീയതികളിൽ തമിഴ്നാട്ടിലെ ഈറോഡുവെച്ച് ചേർന്നു. അലി സഹോദരന്മാർ, മൗലാനാ ആസാദ്, മൗലാനാ ഖുത്ബുദ്ദീൻ അബ്ദുൽബാരി എന്നിവർ പങ്കെടുത്ത പ്രസ്തുത സമ്മേളനത്തിൽ കേരളത്തിൽനിന്ന് ഒരുകൂട്ടം പണ്ഡിതന്മാർ സംബന്ധിക്കുകയുണ്ടായി. അവിടെവെച്ച് കേരളത്തിലെ പണ്ഡിതന്മാർക്ക് ഒരു സംഘടന രൂപീകരിക്കണമെന്ന് കെ.എം മൗലവിയടക്കമുള്ള ഒരു വിഭാഗമാളുകൾ ആവശ്യമുന്നയിച്ചപ്പോൾ യാഥാസ്ഥിതികവിഭാഗം അതിനെയെതിർത്തു. കേരളത്തിലെത്തി അവിടെയുള്ളവരുടെ അഭിപ്രായമാരാഞ്ഞ ശേഷമാവാം സംഘടന എന്നാണ് അവർ പറഞ്ഞ ന്യായം. ഏതായാലും കേരളത്തിൽ തിരിച്ചെത്തിയ നേതാക്കൾ അതേ മാസം 23 മുതൽ 26 കൂടിയ തീയതികളിൽ ഒറ്റപ്പാലത്ത് ചേർന്ന കോൺഗ്രസ്സ് - ഖിലാഫത്ത് സംയുക്ത സമ്മേളനത്തിൽ കേരള മജ്‌ലിസുൽ ഉലമാ രൂപവൽക്കരിച്ചു. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെ പോലുള്ള നേതാക്കൾ ആ സമ്മേളനത്തിൽ പങ്കുകൊള്ളുകയുണ്ടായി. അതേസമയം നാടിന്റെ നാഡിമിടിപ്പുകളറിയാതെ പൗരോഹിത്യത്തിന്റെ നാൽചുമരുകൾക്കുള്ളിലൊതുങ്ങിയ ഒരു പറ്റം പണ്ഡിതന്മാർ അന്നുമുണ്ടായിരുന്നു. മജ്‌ലിസുൽ ഉലമയടക്കമുള്ള പണ്ഡിത സംഘടനകൾക്കെതിരെ അവർ രംഗത്തുവന്നു. സാമ്രാജ്യത്വ വിരുദ്ധ സമരത്തിന് വിലക്കേർപ്പെടുത്തി ഫത്‌വയിറക്കാൻ പോലും അവരിൽ ചിലർ തയാറായി.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് ഐക്യസംഘത്തിന്റെ ദ്വിതീയ വാർഷികസമ്മേളനം നടക്കുന്നതും കേരള ജംഇയ്യത്തുൽ ഉലമാ രൂപം കൊള്ളുന്നതും. ജംഇയ്യത്തുൽ ഉലമായുടെ രൂപീകരണം അക്കാലത്ത് യാഥാസ്ഥിതിക പണ്ഡിതന്മാർക്കിടയിൽ സമ്മിശ്ര പ്രതികരണമാണുളവാക്കിയത്. ഐക്യസംഘത്തെയും ജംഇയ്യത്തുൽ ഉലമായെയും ആദ്യമൊക്കെ അംഗീകരിച്ചിരുന്നവരും അവരിലുണ്ടായിരുന്നു. കോഴിക്കോട് വെച്ചു നടന്ന ഐക്യസംഘത്തിന്റെ മൂന്നാം വാർഷിക യോഗത്തിൽ യാഥാസ്ഥിതിക പണ്ഡിതരിൽ ചിലരും സംബന്ധിച്ചിരുന്നു. ആ യോഗത്തിൽ വച്ച് സംഘത്തിന്റെ എതിരാളികളുടെ ആരോപണങ്ങൾക്ക് ഇ.കെ മൗലവി മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ, പിൽക്കാലത്ത് 'സമസ്ത'യുടെ പ്രസിഡന്റായിത്തീർന്ന പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ 'ഈ സംഘം അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ അടിസ്ഥാനത്തിലുള്ള സംഘമാണെന്ന് പ്രഖ്യാപിക്കുകയും ഈ സംഘത്തെ ലോകാവസാനം വരെ നിലനിർത്തണമേ എന്ന് യോഗത്തിൽ വെച്ച് അല്ലാഹുവിനോട് പരസ്യമായി പ്രാർഥിക്കുകയും ചെയ്തു' (കേരള മുസ്‌ലിം ഡയറക്ടറി പേജ്: 473). എന്നാൽ കേരള ജംഇയ്യത്തുൽ ഉലമ രൂപംകൊള്ളുകയും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ രംഗത്തുവരികയും ചെയ്തതോടെ പാരമ്പര്യ പണ്ഡിതന്മാർ വഴി തിരിഞ്ഞു നടക്കാൻ തീരുമാനിച്ചു.

ഉൽപതിഷ്ണുക്കളുടെ സമുദായപരിഷ്കരണപ്രവർത്തനങ്ങൾ ശക്തമായതോടെ അതിനെ സംഘടിതമായി ചെറുക്കാൻ തന്നെ മറുപക്ഷം തീരുമാനിച്ചു. അങ്ങനെ 1925-ൽ കോഴിക്കോട് കുറ്റിച്ചിറ വലിയ ജുമുഅത്ത് പള്ളിയിൽ സമ്മേളിച്ച ഒരു വിഭാഗം പണ്ഡിതന്മാർ ഒരു 'കേരള ജംഇയ്യത്തുൽ ഉലമാക്ക് രൂപം നൽകി. വരക്കൽ മുല്ലക്കോയ തങ്ങളും പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാരുമാണ് ഈ യോഗത്തിന് മുൻകൈയെടുത്തത്. പുതിയ ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡന്റായി പി.കെ മുഹമ്മദ് മീരാൻ മുസ്‌ലിയാരും സെക്രട്ടറിയായി പാറോൽ ഹുസൈൻ മൗലവിയും തെരഞ്ഞെടുക്കപ്പെട്ടു.

1926 ജൂൺ 26-ന് കോഴിക്കോട് ടൗൺഹാളിൽ വിപുലമായൊരു കൺവെൻഷൻ നടന്നു. അവിടെ വെച്ച് പുതിയ കക്ഷിയെ സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ എന്ന് പുനർനാമകരണം ചെയ്യാനും കമ്മിറ്റി പുനഃസംഘടിപ്പിക്കാനും തീരുമാനമായി. പുതിയ ഭാരവാഹികളായി വരക്കൽ സയ്യിദ് അബ്ദുർറഹ്മാൻ മുല്ലക്കോയ തങ്ങൾ (പ്രസിഡന്റ്), പാങ്ങിൽ അഹ്മദ് കുട്ടി മുസ്‌ലിയാർ, കെ. മുഹമ്മദ് അബ്ദുൽ ബാരി മുസ്‌ലിയാർ, കെ.എം അബ്ദുൽഖാദിർ മുസ്‌ലിയാർ, കെ.പി മുഹമ്മദ് മീരാൻ മുസ്‌ലിയാർ (വൈസ് പ്രസിഡന്റുമാർ), പി.വി മുഹമ്മദ് മുസ്‌ലിയാർ, പി.കെ മുഹമ്മദ് മുസ്‌ലിയാർ (സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു. 1934 നവംബർ 14-ന് സംഘടന രജിസ്റ്റർ ചെയ്യപ്പെട്ടു.

'സമസ്ത'യുടെ ഒന്നാം വാർഷിക സമ്മേളനം 1927 ഫെബ്രുവരി 7-ന് താനൂർ ഇസ്‌ലാഹുൽ ഉലൂം മദ്റസയിലാണ് ചേർന്നത്. രണ്ടാം വാർഷിക സമ്മേളനം 1927 ഡിസംബർ 31-ന് പഴയ വള്ളുവനാട് താലൂക്കിലെ മോളൂർ എന്ന സ്ഥലത്തായിരുന്നു. മൂന്നാം സമ്മേളനം 1929 ജനുവരി 7-ന് ചെമ്മൻകുഴിയിലും നാലാം സമ്മേളനം 1930 മാർച്ച് 17-ന് മണ്ണാർക്കാട്ടും അഞ്ചാം സമ്മേളനം 1931 മാർച്ച് 11-ന് വെള്ളിയഞ്ചേരിയുമായിരുന്നു. മണ്ണാർക്കാട്ടു ചേർന്ന നാലാം സമ്മേളനത്തിലാണ് സുന്നികളല്ലാത്തവരെ ബഹിഷ്കരിക്കാനുള്ള ആഹ്വാനമുണ്ടായത്. സമ്മേളനത്തിൽ അവതരിപ്പിച്ച എട്ടാം പ്രമേയത്തിൽ ഇങ്ങനെ പറയുന്നു: 'ചേറ്റൂർ കൈക്കാർ, കൊണ്ടോട്ടി കൈക്കാർ, ഖാദിയാനികൾ, വഹാബികൾ മുതലായവരുടെ ദുർവിശ്വാസ നടപടികൾ അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ സുന്ദരമായ വിശ്വാസത്തോട് കേവലം മാറാകകൊണ്ട് അവരുടെ വിശ്വാസ നടപടികളോട് പിന്തുടരലും അവരോടുള്ള കൂട്ടുകെട്ടും സുന്നീ മുസ്‌ലിംകൾക്ക് കേവലം പാടുള്ളതല്ലെന്ന് ഈ യോഗം തീർച്ചപ്പെടുത്തുന്നു' (പണ്ഡിത കേരളം പേജ്: 132).

സ്ത്രീ വിദ്യാഭ്യാസത്തോടുള്ള നയം 'സമസ്ത' പ്രസ്തുത സമ്മേളനത്തിൽ മറ്റൊരു പ്രമേയം വഴി വിശദമാക്കി: 'സ്ത്രീകൾക്ക് കൈയെഴുത്ത് പഠിപ്പിക്കൽ ശറഇൽ മക്റൂഹാണെന്നും മറ്റും പലേ മഹാന്മാരായ ഉലമാക്കൾ തീരുമാനിച്ചിട്ടുള്ളതാകയാൽ അവർക്ക് കൈയെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു.' സി.കെ മുഹമ്മദ് മൗലവി അവതരിപ്പിച്ചു. എ.പി അഹ്മദ് കുട്ടി മൗലവി പിന്താങ്ങി. (അൽബയാൻ അറബി-മലയാള മാസിക, പു:1, ല:5).

1933 മാർച്ച് 5-ാം തീയതി ഫറോക്കിൽ ചേർന്ന ആറാം വാർഷിക സമ്മേളനം വിവാദപരമായ ഒട്ടേറെ പ്രമേയങ്ങൾകൊണ്ട് ശ്രദ്ധേയമായി. കേരളത്തിൽ പൊതുവിലും മലബാറിൽ വിശേഷിച്ചും സ്വാതന്ത്ര്യസമരം കത്തിയാളിക്കൊണ്ടിരുന്ന ഘട്ടത്തിൽ ഖിലാഫത്ത് പ്രസ്ഥാനത്തിൽനിന്നും സ്വാതന്ത്ര്യസമരത്തിൽനിന്നും വിട്ടുനിൽക്കാനായിരുന്നു സമ്മേളനത്തിന്റെ ആഹ്വാനം. 12-ാം പ്രമേയം പറയുന്നു: "സാധുക്കളും നിരപരാധികളുമായ കേരള മുസ്‌ലിംകളെ കോൺഗ്രസ് ഖിലാഫത്ത് കമ്മിറ്റി എന്ന പേരും പരസ്യം ചെയ്തു അവരുടെ മായാവലയത്തിൽപെടുത്തുകയും അവിവേകികളും പാമരന്മാരുമായ മുസ്‌ലിംകളെ മുമ്പിലേക്ക് തള്ളി കക്ഷിവഴക്കുകളും ബഹളവും ഉണ്ടാക്കി കേരളം മിക്കവാറും സ്ഥലങ്ങളിൽ വമ്പിച്ച ലഹള നടന്നതിന്റെ ഫലമായി എത്രയോ അനവധി മുസ്‌ലിം സഹോദരങ്ങൾ തോക്കിന്നിരയാവുകയും ജയിൽ ശിക്ഷക്ക് കാരണഭൂതരായിത്തീരുകയും ചെയ്തുവല്ലോ.

ഭരണകർത്താക്കളോട് എതിർക്കലും അവരുടെ കൽപന അനാദരവ് ചെയ്യലും മതവിരോധമായിട്ടുള്ള കാര്യമായിരിക്കെ കോൺഗ്രസ്സ് കക്ഷിക്കാരുമായി യോജിക്കലും അവരോട് സഹകരിക്കലും ഒരിക്കലും യഥാർഥ മുസ്‌ലിംകൾക്ക് ചെയ്യാൻ പാടില്ലാത്തതും ആകുന്നു."

അതേ സമ്മേളനത്തിലെ 15-ാം പ്രമേയത്തിലെ രണ്ടാം ഖണ്ഡിക അക്കാലത്തെ 'സമസ്ത'യുടെ രാഷ്ട്രീയ നയം വ്യക്തമാക്കുന്നു: "സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സംഘത്തിൽ അംഗങ്ങളായി ചേരുന്ന മുസ്‌ലിയാന്മാർ എല്ലാവരും കോൺഗ്രസ്സുകാരല്ലാത്തവരും ഗവൺമേണ്ട് കക്ഷിയും ആയിരക്കണമെന്നും അഹ്‌ലുസ്സുന്നത്തിവൽ ജമാഅത്തിന്റെ വിശ്വാസനടപടികളെയും അതിനുള്ള ഉപകരണങ്ങളെയും പൊതു സമാധാനപാലനത്തെയും പുനർജീവിപ്പിക്കൽ മേപ്പടി സംഘത്തിന്റെ മൂലസിദ്ധാന്തങ്ങളിൽ പെട്ടതാണെന്നുമുള്ള മുൻ നിശ്ചയത്തെ ഈ യോഗം പുനരാവർത്തിച്ച് ശക്തിപ്പെടുത്തുകയും ചെയ്യുന്നു."

ഫറോക്ക് സമ്മേളനത്തിൽ തന്നെ പാസ്സാക്കിയ എട്ടാം പ്രമേയ

ത്തിലൂടെ 'സമസ്ത'യുടെ ആശയാദർശങ്ങൾ വ്യക്തമാക്കപ്പെട്ടു. 1947 മാർച്ച് 15, 16, 17 തീയതികളിൽ മീഞ്ചന്തയിൽ ചേർന്ന 17-ാം വാർഷിക സമ്മേളനം ഇക്കാര്യം ഒന്നുകൂടി ഉറപ്പിച്ചു. ശിഹാബുദ്ദീൻ അഹ്മദ് കോയ മൗലവി(ചാലിയം) അവതരിപ്പിച്ച് പി. കമ്മു മൗലവി പിന്താങ്ങിയ പ്രമേയം ഇപ്രകാരമാണ്:

കേരളത്തിലെ മുസ്‌ലിമീങ്ങളിൽ അനേകം കൊല്ലമായിട്ട് നിരാക്ഷേപമായി നടന്നുവരുന്നതും താഴെ വിവരിക്കുന്നതുമായ കാര്യങ്ങൾ അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ ഉലമാക്കളാൽ സ്ഥിരപ്പെടുത്തപ്പെട്ടവയാണെന്നും അവ മതവിരുദ്ധങ്ങളാണെന്നോ, അഥവാ ശിർക്കാണെന്നോ പറയുന്നവർ സുന്നികളല്ലെന്നും അവർ ഇമാമത്തിനും ഖത്വീബുസ്ഥാനത്തിനും കൊള്ളരുതാത്തവരാണെന്നും ഈ യോഗം തീരുമാനിക്കുന്നു.

സംഗതികൾ: 1) മരിച്ചുപോയ അമ്പിയാ, ഔലിയാ, സാലിഹീൻ അവരുടെ ദാത്ത് കൊണ്ടും, ജാഹ്, ഹഖ്, ബർക്കത്ത് ഇത്യാദി കൊണ്ടും തവസ്സുൽ (ഇട തേടൽ) ചെയ്യുന്നതും അവരെ നേരിട്ടു വിളിച്ചു സഹായത്തിനു അപേക്ഷിക്കലും അവരുടെ ആസാറുകളെക്കൊണ്ടു ബർക്കത്ത് മതിക്കലും. 2) മരിച്ചുപോയ അമ്പിയാ, ഔലിയാ മുതലായവർക്കും മറ്റു മുസ്‌ലിംകൾക്കും കൂലി കിട്ടാൻ വേണ്ടി ധർമം ചെയ്യലും, അവർക്കുവേണ്ടി ഖുർആൻ ഓതലും, ഓതിക്കലും, മുസ്‌ലിം മയ്യിത്തുകളെ മറവു ചെയ്തതിനു ശേഷം ഖബറുങ്ങൽ വെച്ചു തൽഖീൻ ചൊല്ലിക്കൊടുക്കലും മയ്യിത്തിനു വേണ്ടി ഖബറുങ്ങൽവെച്ചും മറ്റു സ്ഥലങ്ങളിൽ വെച്ചും ഖുർആൻ ഓതലും. 3) ഖബ്ർ സിയാറത്ത് ചെയ്യലും ഖബറാളികൾക്ക് സലാം പറയലും അവർക്കുവേണ്ടി ദുആയിരക്കലും ഖബ്ർ സിയാറത്തിനു വേണ്ടി യാത്ര പോകലും. 4) ആയാത്ത്, ഹദീസ്, മറ്റ് മുഅസ്സമായ അസ്മാഉകളെക്കൊണ്ട് മന്ത്രം ചെയ്യലും, ഉറുക്കെഴുതിക്കെട്ടലും, പിഞ്ഞാണം എഴുതിക്കൊടുക്കലും, വെള്ളം, നൂല് മുതലായവ മന്ത്രിച്ചു കൊടുക്കലും, ബുർദ ഓതി മന്ത്രിക്കലും. 5) ഖാദിരിയ്യ, ശാദുലിയ്യ, രിഫാഇയ്യ മുതലായ ശരിയായ ത്വരീഖത്തുകളിലെ ശരിയായ കൈതുടർച്ചയും ഒറ്റക്കും യോഗം ചേർന്നും നടപ്പുള്ള റാത്തീബും ത്വരീഖത്തിലെ ദിക്റുകൾ ചൊല്ലലും, ദലാഇലുൽ ഖൈറാത്ത്, ഹിസ്ബുന്നബാവി, അസ്മാഉന്നബി, അസ്മാഉൽ ബദ്‌രിയ്യീൻ, ഹിസ്ബുൽ ബഹർ മുതലായ വിർദുകളെ ചട്ടമാക്കലും, ദിക്റുകൾ കണക്കാക്കാൻ തസ്ബീഹ് മാല ഉപയോഗിക്കലും. 6) മൻഖൂസ് മുതലായ മൗലിദുകൾ ഓതിക്കലും, ബദ്‌രിയ്യത്ത്, ഖുത്ബിയ്യത്ത് മുതലായ ബൈത്തുകൾ ചൊല്ലലും ചൊല്ലിക്കലും, മുഹ്‌യിദ്ദീൻ മാല, രിഫാഈ മാല മുതലായ പാട്ടുകൾ പാടലും പടിക്കലും.' (സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ 17-ാം വാർഷിക സമ്മേളന റിപ്പോർട്ട് പേജ്: 10,11).

സമുദായത്തിലെ ഇതര സംഘടനകളോടുള്ള 'സമസ്ത'യുടെ സമീപനം സമ്മേളന പ്രമേയങ്ങളിലൂടെയും നേതാക്കന്മാരുടെ ഫത്‌വകളിലൂടെയും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

വഹാബികളോടും മൗദൂദികളോടും പെരുമാറേണ്ട രീതിയെക്കുറിച്ച് അന്വേഷിച്ചവർക്ക് 'സമസ്ത'യുടെ നേതാവ് ശിഹാബുദ്ദീൻ അഹ്മദ്കോയ ശാലിയാത്തി മറുപടി നൽകി: 'ഇപ്പോൾ നിലവിലുള്ള ദീനുൽ ഇസ്‌ലാമിൽ പല വിധത്താലുള്ള ജാഹിലിയ്യത്തുകൾ കലർന്നു കൂടിയതുകൊണ്ട് ശരിയായ നിലക്ക് ഒരു ജമാഅത്തെ ഇസ്‌ലാമി സ്ഥാപിക്കണമെന്നും മറ്റും വാദിക്കുന്ന മൗദൂദികളുമായും തവസ്സുൽ ഇസ്തിഗാസ ദീനിൽ അനുവദിക്കാത്തതാണെന്നും മറ്റും വിധി കൽപിക്കുന്ന വഹാബികളുമായും സുന്നത്ത് ജമാഅത്തിൽ ഉറച്ച് നിലകൊള്ളുന്ന മുസ്‌ലിംകൾ പെരുമാറേണ്ടത് ആ രണ്ടു സംഘക്കാരുടെയും വിധി അനുസരിച്ച നിലക്ക് മുസ്‌ലിമും മുശ്‌രിക്കും ആയിട്ടുള്ള പെരുമാറ്റം തന്നെയാണെന്ന് എല്ലാവർക്കും മനസ്സിലാകുന്ന സംഗതിയാണെന്നതിൽ സംശയമില്ല.

..... സുന്നീ സംഘക്കാരിൽനിന്ന് ഇവരോട് അനുഭാവം കാണിക്കുന്നവരോടും പെരുമാറേണ്ടത് അത് പ്രകാരം തന്നെയാണ്. ഇസ്‌ലാമിയ്യത്തിൽ പൂർവികമായി നടപ്പായ സംഗതികൾ ശിർക്കാണെന്നും ഇവകളെ ചെയ്യുന്നവരെ മുശ്‌രിക്കാണെന്നും വിധിക്കുന്ന സംഘക്കാരോട് ഏതൊരു മുസ്‌ലിമാണ് യോജിക്കുക. മനസ്സിരുത്തി ചിന്തിക്കുക. മേൽ വിവരിച്ച സംഘക്കാരോട് സുന്നത്ത് ജമാഅത്തിൽ ഉറച്ച് നിൽക്കുന്ന മുസ്‌ലിംകൾ പെരുമാറേണ്ടുന്ന ക്രമങ്ങളെ മുഹ്‌യിദ്ദീൻ ശൈഖ് തങ്ങൾ അവരുടെ അൽ-ഗുൻ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. സുന്നത്ത് ജമാഅത്തിനെ പിൻപറ്റൽ എല്ലാ മുഅ്മിനുകളുടെയും മേൽ നിർബന്ധമാകുന്നു. സുന്നത്ത് എന്നാൽ റസൂൽ(സ) നടപ്പിൽവരുത്തിയതും ജമാഅത്ത് എന്നാൽ തങ്ങളുടെ സ്വഹാബികൾ നാല് ഖുലഫാക്കളുടെ ഖിലാഫത്ത് കാലത്ത് ഇത്തിഫാക്കായി ഏകോപിച്ച് നടന്നു വന്നതുമാകുന്നു. മുഅ്മിനീങ്ങളിൽ സുന്നത്ത് ജമാഅത്തിനെ തുടർന്ന് നടക്കലും ബിദ്അത്തുകാരെ അധികരിപ്പിക്കൽ, അവരുടെ സുഖത്തിൽ ചേരൽ, അവർക്ക് സലാം ചൊല്ലൽ, അവരൊന്നിച്ചിരിക്കൽ, അവരുമായി അടുക്കൽ, പെരുന്നാൾ മുതലായ സന്തോഷദിവസങ്ങളിൽ അവരോട് സന്തോഷം പറയൽ, അവരുടെ മയ്യിത്ത് നമസ്കരിക്കൽ, അവരുടെ പേര് കേട്ടാൽ റഹ്മത്ത് കൊണ്ട് ദുആയിരക്കൽ മുതലായവകൾ ചെയ്യാതിരിക്കലും അവരുടെ മദ്ഹബ് ബാതിലാണെന്ന് വിശ്വസിച്ച് റബ്ബുൽ ആലമീന്റെ പക്കൽ നിന്നുള്ള കൂലി ആശിച്ചും കൊണ്ട് അവരോട് വിരോധമാകലും

ശത്രുത്വം കാണിക്കലും നിർബന്ധമാകുന്നു' (ഫത്‌വ നമ്പർ: 2 ശിഹാബുദ്ദീൻ മെമ്മോറിയൽ പബ്ലിഷിംഗ് ബ്യൂറോ മൂന്നാം നമ്പർ ലഘുകൃതി പേജ്: 13, 14).

'മുബ്തദിഈങ്ങളുമായി പെരുമാറേണ്ട ചുരുക്ക സംഗതികൾ: 1) അവരുമായി കൂടി പെരുമാറാതിരിക്കുക 2) അവരുമായി കണ്ടുമുട്ടിയാൽ അവർക്ക് സലാം ചൊല്ലാതിരിക്കുക 3) അവർ സലാം ചൊല്ലിയാൽ മടക്കാതിരിക്കുക 4) അവരുമായി വിവാഹ ബന്ധം നടത്താതിരിക്കുക 5) അവരെ പിന്തുടർന്ന് നമസ്കരിക്കാതിരിക്കുക ഇത്യാദികളാകുന്നു' (അതേ ഗ്രന്ഥം പേജ്: 18).

1965 ജനുവരി 16-ന് ചേർന്ന മുശാവറ തബ്‌ലീഗ് ജമാഅത്തിന്റെ തത്വങ്ങൾ മുബ്തദിഉകളുടെ തത്വങ്ങളാണെന്നു ബോധ്യപ്പെടുകയാൽ തബ്‌ലീഗ് ജമാഅത്ത് മുബ്തദികളുടെ ജമാഅത്താണെന്ന് തീരുമാനിച്ചു.

### വിദ്യാഭ്യാസ രംഗത്ത്

ആദ്യകാലത്ത് വിദ്യാഭ്യാസത്തിന്റെ വിഷയത്തിൽ നിഷേധാത്മക നിലാപാട് കൈക്കൊണ്ട 'സമസ്ത' വർഷങ്ങൾക്കു ശേഷം തങ്ങളുടെ നിലപാട് പുനഃപരിശോധിക്കുകയും പുരോഗമനാത്മകമായ ചുവടുവയ്പുകൾ നടത്തുകയും ചെയ്തു. ശാസ്ത്രീയമായ മദ്റസാ സംവിധാനവുമായി ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി രംഗത്തുവന്നപ്പോൾ അതിനെ എതിർത്തു തോൽപിക്കാൻ മുന്നിൽ നിന്നത് പിൽക്കാലത്ത് 'സമസ്ത'യിൽ അണിനിരന്ന നേതാക്കളായിരുന്നു. എന്നാൽ ഓത്തുപള്ളികളിൽനിന്ന് മദ്റസയിലേക്കും ദർസുകളിൽനിന്ന് അറബിക്കോളേജുകളിലേക്കും മതപഠനസമ്പ്രദായം പുരോഗമിച്ചപ്പോൾ സാഹചര്യങ്ങൾക്കൊത്ത് നീങ്ങാൻ 'സമസ്ത'യും നിർബന്ധിതമായി. മലയാളത്തിനും ഇംഗ്ലീഷിനുമെതിരെ പ്രചാരണം നടത്തിയവരും സ്ത്രീകൾക്ക് വിദ്യാഭ്യാസം വിലക്കിയവരും ഇപ്പോൾ ആർട്സ് ആന്റ് സയൻസ് കോളേജുകളും പരിമിതമായ തോതിലെങ്കിലും വനിതാകോളേജുകളും നടത്തിവരുന്നു.

1945-ൽ നടന്ന സമസ്തയുടെ 16-ാം വാർഷിക സമ്മേളനത്തിൽ സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ പുതിയ ചില നിർദേശങ്ങൾ സമർപ്പിച്ചു. 1951 മാർച്ച് 23, 24, 25 തീയതികളിൽ വടകരയിൽ ചേർന്ന 19-ാം വാർഷിക സമ്മേളനത്തോടനുബന്ധിച്ച് ചേർന്ന മുശാവറായോഗം ഈ വിഷയം ചർച്ച ചെയ്യുകയും ഒടുവിൽ പറവണ്ണ മൊയ്തീൻകുട്ടി മുസ്‌ലിയാർ കൺവീനറായി സമസ്ത കേരള ഇസ്‌ലാംമതവിദ്യാഭ്യാസ ബോർഡ് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കുകയും ചെയ്തു. ഈ സമ്മേളനം കഴിഞ്ഞ് ഏതാനും മാസങ്ങൾക്കു ശേഷം പറവണ്ണ വിളിച്ചുചേർത്ത പ്രത്യേക പ്രതിനിധി സമ്മേളനത്തിൽവെച്ച് മദ്റസകൾ സ്ഥാപിക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. ഉന്നത മതവിദ്യാഭ്യാസരംഗത്തും സംഘടന ശ്രദ്ധപതിപ്പിച്ചു. ദർസുകൾ വിപുലീകരിച്ച് ഉന്നത അറബിക്കോളേജുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി 1963-ൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണക്കടുത്ത പട്ടിക്കാട് 'സമസ്ത'യുടെ ആദ്യത്തെ അറബിക്കോളേജ്, ജാമിഅ നൂരിയ്യ നിലവിൽവന്നു. ഇപ്പോൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ധാരാളം കോളേജുകൾ വിവിധ ഗ്രൂപ്പുകൾ നടത്തിവരുന്നു.

1954-ൽ 'സമസ്ത'യുടെ യുവജനവിഭാഗമായി സുന്നീ യുവജന സംഘം രൂപീകൃതമായി. എന്നാൽ 1961-ലേ സ്വന്തം യുവജനവിഭാഗമായി എസ്.വൈ.എസിനെ 'സമസ്ത' അംഗീകരിച്ചുള്ളൂ. ബി. കുട്ടിഹസൻ ഹാജിയായിരുന്നു പ്രഥമ പ്രസിഡന്റ്. 1973-ൽ വിദ്യാർഥിവിഭാഗമായ സമസ്ത കേരള സുന്നീ സ്റ്റുഡന്റ്സ് ഫെഡറേഷൻ രൂപീകൃതമായി.

പ്രസിദ്ധീകരണരംഗത്ത് ആദ്യമാദ്യം അറച്ചുനിൽക്കുകയായിരുന്ന 'സമസ്ത' പിന്നീട് പത്രങ്ങളും ഗ്രന്ഥങ്ങളും പുറത്തിറക്കാൻ തുടങ്ങി. 1929-ൽ അൽബയാൻ അറബിമലയാളം പത്രം പുറത്തിറക്കി. കോഴിക്കോട്ടെ മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റി ഖുർആൻ പരിഭാഷ പുറത്തിറക്കാൻ തുടങ്ങിയപ്പോൾ പാങ്ങിൽ എ.പി അഹ്മദ് കുട്ടി മുസ്‌ലിയാർ അൽബയാൻ പത്രത്തിൽ എഴുതി:

'കച്ചവടം ചെയ്തു ലാഭം സമ്പാദിച്ചു വയറ് നിറച്ചു കുടൽ വലുതാക്കേണ്ടുന്ന ആവാശ്യാർഥം ഖുർആൻ ശരീഫിനെ ഭീമമായ തെറ്റുകളോടുകൂടി തർജമ ചെയ്തു സന്ദർഭോചിതമല്ലാതെയും ആയത്തിന്റെ എണ്ണം ക്ലിപ്തമില്ലാതെയും ചാത്തനും പോത്തനും കോരനും കീരനും മറ്റും നീചമായ നിലയിൽ വിൽപന ചെയ്തു ഖുർആൻ ശരീഫിനെ കക്കൂസിലും കള്ളുഷാപ്പിലും മറ്റുമാക്കി നിന്ദക്കും പരിഹാസത്തിനും ഇടയാക്കിത്തീർത്തത് അവിവേകമായിപ്പോയെന്നോ അഥവാ അനിസ്‌ലാമികമായിപ്പോയെന്നോ പറയാൻ യഥാർഥ മുസ്‌ലിംകളെ നിർബന്ധിതരാക്കിയതിൽ അന്ത്യന്തം വ്യസനിക്കയല്ലാതെ എന്തു ചെയ്യും! വയറ് വീർപ്പിക്കേണ്ട ആവശ്യാർഥം നബി(സ)യോ അനുചരന്മാരോ താബിഈങ്ങളോ ആരും ചെയ്യാത്ത ഇത്തരം മഹാ നീചപ്രവൃത്തി ചെയ്തത് കണ്ടറിയുമ്പോൾ യഥാർഥ മുസ്‌ലിംകളിൽ ഏതൊരു വ്യക്തിയുടെ കഠിനഹൃദയമാണ് വെന്തുരുകാത്തത്!'

എന്നാൽ വ്യക്തികളുടെയും ഗ്രൂപ്പുകളുടെയുമൊക്കെ ആഭിമുഖ്യത്തിൽ 'സമസ്ത'ക്കാരായ ആളുകൾ ഒട്ടേറെ പ്രസാധനാലയങ്ങൾ തന്നെ ഇപ്പോൾ നടത്തിവരുന്നു.

കേരളത്തിലെ മതപരിഷ്കരണ പ്രസ്ഥാനങ്ങളെ ശക്തമായി എതിർത്തുകൊണ്ട് രംഗത്തുവന്ന

സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പിന്നീട് പിളർപ്പുകളെ അഭിമുഖീകരിക്കുന്നതാണ് കണ്ടത്. 1966-ൽ ശൈഖ് ഹസൻ ഹസ്രത്ത്, കൈപ്പറ്റ ബീരാൻകുട്ടി, മൗലവി അബ്ദുർറഹ്മാൻ ഫദ്ഫരി ഹസ്രത്ത് എന്ന കുട്ടി മുസ്‌ലിയാർ, കെ.സി മുഹമ്മദ് മൗലവി പാങ്ങ് തുടങ്ങിയ ഉന്നത ശീർഷരായ കുറെ പണ്ഡിതന്മാർ സംഘടനയിൽനിന്ന് പിരിഞ്ഞുപോയി അഖിലകേരള ജംഇയ്യത്തുൽ ഉലമാ രൂപീകരിച്ചു. ജംഇയ്യത്ത് മലയാള മാസിക അവരുടെ ജിഹ്വയായിരുന്നു. തബ്‌ലീഗ് ജമാഅത്ത് ബിദഈ സംഘടനയാണെന്ന 'സമസ്ത' മുശാവറയുടെ തീരുമാനമാണ് ഈ പിളർപ്പിന്റെ കാരണമായി പറയപ്പെടുന്നത്. കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ ആദ്യകാലത്ത് അഖിലകേരള ജംഇയ്യത്തിന്റെ പ്രവർത്തകനായിരുന്നു.

കർമശാസ്ത്രസംബന്ധമായ ഒരു പ്രശ്നമാണ് 'സമസ്ത'യിലുണ്ടായ രണ്ടാം പിളർപ്പിന് കാരണമായി പറയുന്നത്. ജുമുഅ ഖുത്ബക്ക് ഉച്ചഭാഷിണി ഉപയോഗിക്കുന്നത് സമസ്ത മുശാവറ അനുവദിച്ചതിനോട് യോജിക്കാൻ കഴിയാതെ 'സമസ്ത'യുടെ പ്രമുഖ നേതാവായിരുന്ന കെ.കെ സ്വദഖത്തുല്ല മൗലവി സംഘടനയിൽനിന്ന് പുറത്തുപോവുകയും ഏതാനും അനുയായികളോടൊത്ത് സംസ്ഥാന കേരള ജംഇയ്യത്തുൽ ഉലമാ രൂപീകരിക്കുകയും ചെയ്തു. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ജാമിഅ വഹബിയ്യ അറബിക്കോളേജും നുസ്രത്തുൽ അനാം, ബുൽബുൽ എന്നീ പത്രങ്ങളും സംഘടന ഇപ്പോൾ നടത്തിവരുന്നു. ഈ രണ്ട് പിളർപ്പുകളും സംഘടനയെ കാര്യമായി ബാധിച്ചില്ലെന്നു പറയാം. എന്നാൽ 1989-ലെ മൂന്നാം പിളർപ്പോടെ 'സമസ്ത' ശക്തമായ രണ്ട് ഗ്രൂപ്പുകളായി മാറി.

'സമസ്ത'ക്ക് വ്യക്തമായ ഒരു രാഷ്ട്രീയ ലൈനില്ലെങ്കിലും അതിന്റെ അനുയായികളും നേതാക്കളുമായ ഒട്ടനവധി പേർ മുസ്‌ലിംലീഗുകാരായിരുന്നു. എന്നാൽ പിൽക്കാലത്ത് മുസ്‌ലിംലീഗിനോടു ബന്ധമില്ലാത്തവരും ലീഗ് വിരുദ്ധരുമായ ആളുകൾ സംഘടനക്കകത്ത് വളർന്നുവന്നു. നേതൃതലത്തിൽ മുജാഹിദുകൾ കൂടിയുൾക്കൊള്ളുന്ന മുസ്‌ലിംലീഗിന്റെ സുന്നീവിരുദ്ധ നിലപാടുകൾ 'സമസ്ത'യുടെ അനുയായികൾക്കിടയിൽ പലപ്പോഴും മുറുമുറുപ്പുണ്ടാക്കി. അതിനിടെ എൺപതുകളുടെ തുടക്കത്തിൽ കോഴിക്കോടിനടുത്ത അരീക്കോട്ടെ ഒരു പള്ളിനിർമാണ ഫണ്ടുമായി ബന്ധപ്പെട്ട് 'സമസ്ത' മുശാവറയംഗമായിരുന്ന എ.പി അബൂബക്കർ മുസ്‌ലിയാർക്കെതിരെ ആരോപണമുയർന്നു. മുസ്‌ലിംലീഗ് പത്രങ്ങൾ എ.പി അബൂബക്കർ മുസ്‌ലിയാർക്കും സമസ്ത ജനറൽ സെക്രട്ടറിയായിരുന്ന ഇ.കെ അബൂബക്കർ മുസ്‌ലിയാർക്കുമെതിരെ ആരോപണങ്ങളുമായി രംഗത്തുവന്നു.

തൊട്ടടുത്ത വർഷങ്ങളിൽ ശരീഅത്ത് വിവാദമുയർന്ന പശ്ചാത്തലത്തിൽ ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് നേതാക്കൾ കേരളം സന്ദർശിച്ചു. അവരെ സ്വീകരിക്കാനായി കേരളത്തിലെ ഇതര മുസ്‌ലിം നേതാക്കളോടൊപ്പം 'സമസ്ത' ജനറൽ സെക്രട്ടറിയായിരുന്ന ഇ.കെ അബൂബക്കർ മുസ്‌ലിയാർ തയാറായത് നേതാക്കളിലും അനുയായികളിലുമുള്ള ഒരു വിഭാഗത്തിന് പിടിച്ചില്ല. വഹാബി-മൗദൂദികളുമായി വേദി പങ്കിടരുതെന്ന 'സമസ്ത'യുടെ പഴയ തീരുമാനത്തിന്റെ ന്യായത്തിൽ അവർ ഇ.കെയുടെ നിലപാടിനെ ചോദ്യം ചെയ്തു. ലീഗനുഭാവികളായ ആളുകൾ ഇ.കെയെ പിന്തുണച്ചപ്പോൾ എ.പി അബൂബക്കർ മുസ്‌ലിയാരുടെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധവുമായി രംഗത്തിറങ്ങി. ഈ വിവാദം മുറുകുന്നതിനിടയിൽ 1988 ജനുവരിയിൽ സുന്നീ യുവജനസംഘത്തിന്റെ മധ്യമേഖലാ സമ്മേളനം എറണാകുളത്ത് നടത്താൻ തീരുമാനിച്ചു. സമ്മേളനം മാറ്റിവെക്കാനുള്ള നേതൃത്വത്തിന്റെ നിർദേശം എ.പിയുടെ നേതൃത്വത്തിലുള്ളവർ ധിക്കരിച്ചതിനെ തുടർന്ന് 1989 ഫെബ്രുവരി 18-ന് ചേർന്ന 'സമസ്ത' മുശാവറ എ.പി അബൂബക്കർ മുസ്‌ലിയാരെ പുറത്താക്കി. അതോടെ 'സമസ്ത' ഇ.കെ. അബൂബക്കർ മുസ്‌ലിയാരുടെയും എ.പി അബൂബക്കർ മുസ്‌ലിയാരുടെയും പേരിൽ രണ്ട് ഗ്രൂപ്പുകളായി പിളർന്നു. ഇരുവരും തമ്മിൽ വാശിയേറിയ മത്സരമാണ് പിന്നീട് കണ്ടത്. ഇന്നിപ്പോൾ കേരളത്തിൽ സുന്നികളെന്നു പറയപ്പെടുന്നവർ രണ്ടു കക്ഷികളായി ചിതറിക്കിടക്കുകയാണ്. ഇരു വിഭാഗവും പള്ളികളും മദ്റസകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിവരുന്നു.

സമസ്ത ഇ.കെ വിഭാഗത്തിന്റെ യുവജനസംഘടനയായി എസ്.വൈ.എസ്, വിദ്യാർഥിവിഭാഗമായി എസ്.കെ.എസ്.എസ്.എഫ്, കുട്ടികൾക്കായി സുന്നീ ബാലവേദി, സുന്നീ മഹല്ല് ഫെഡറേഷൻ എന്നിവ പ്രവർത്തിക്കുന്നു. എ.പി വിഭാഗത്തിന്റേതായി യുവാക്കളുടെ എസ്.വൈ.എസ്, വിദ്യാർഥികളുടെ എസ്.എസ്.എഫ്, കുട്ടികളുടെ സുന്നീ ബാലസംഘം, ഉദ്യോഗസ്ഥരുടെ സുന്നീ എംപ്ലോയീസ് അസോസിയേഷൻ എന്നിവ പ്രവർത്തിക്കുന്നു. സുന്നീ വോയ്സ്, രിസാല, സുന്നത്ത്, അൽ ഇർഫാദ്, പൂങ്കാവനം വനിതാ മാസിക, താലോലം, സിറാജ് ദിനപത്രം, അസ്സഖാഫ (അറബി) എന്നിവ എ.പി വിഭാഗത്തിന്റെയും സുന്നീ അഫ്കാർ, അൽ മുബാറക്, സത്യധാര എന്നിവ ഇ.കെ വിഭാഗത്തിന്റെയും പത്രപ്രസിദ്ധീകരണങ്ങളാണ്.